

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

18 OCTOBER 2019

19 SAFAR 1441 AH

# AL-HUJURAT : GHIBBAT (PART 6)

## അൽഹുജ്റാത് :ഗീയ്ബത്ത് (പരദൂഷണം) (ഭാഗം 6)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **അൽഹുജ്റാത് ഗീയ്ബത്ത് (പരദൂഷണം) (ഭാഗം 6)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

വിശ്വാസികൾക്ക് അവന്റെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരവുമായിട്ടാണ് ഇസ്ലാമിനെ അല്ലാഹു(ത) അവതരിപ്പിച്ചിരിക്കുന്നത്. അതുപോലെ തന്നെ, ഇത്, അതായത് ഇസ്ലാം മനുഷ്യനെ അവന്റെ ജീവിതം എങ്ങനെയാണ് നയിക്കേണ്ടതെന്നും പഠിപ്പിക്കുന്നു.

ഈ ദൈവീകാധ്യാപനങ്ങളുടെ മുഴുവൻ സാന്നിധ്യവും ഉണ്ടെങ്കിൽ പോലും, പ്രശ്നങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്നു, മാത്രമല്ല ഓരോ ദിനം കഴിയുന്തോറും പ്രശ്നങ്ങൾ, കൂടുതൽ വഷളായിരിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ നിങ്ങളോട് വിശദമാക്കിയതുപോലെ, അമ്മായി അമ്മയിലൂടെയും മരുമകളിലൂടെയും, നാത്തൂനിലൂടെയുമുള്ള ബന്ധത്തിലൂടെ എന്തുമാത്രം പ്രശ്നങ്ങളാണ് വീട്ടിൽ സൃഷ്ടിക്കപ്പെടുന്നത്! ദമ്പതികൾ തമ്മിലുള്ള ബന്ധം എങ്ങനെയായിരിക്കണമെന്നും ഒരു അമ്മായി അമ്മ ഒരു മരുമകളോട് എങ്ങനെവർത്തിക്കണമെന്നും, പ്രശ്നങ്ങളൊന്നും വീട്ടിൽ ഉണ്ടാകാതെ, എങ്ങനെ ജീവിതം നയിക്കണമെന്നും നാം പഠിക്കേണ്ടതുണ്ട്. അതുപോലെ ഒരു മരുമകൾ തന്റെ അമ്മായി അമ്മയോട് എങ്ങനെയാണ് പെരുമാറേണ്ടത് എന്നും അറിഞ്ഞിരിക്കേണ്ട അടിസ്ഥാനവസ്തുതകൾ

തന്നെയാണ്. ചിലപ്പോൾ ചില മരുമക്കൾ, യാതൊരു ക്ഷമയും ശാന്തതയും ഉള്ളവളായിരിക്കില്ല. അവരുടെ ഭർത്താവിന്റെ ചെവികളിൽ, ഭർതൃകുടുംബത്തിനെതിരിൽ അഭിപ്രായം പ്രകടിപ്പിക്കുന്നു. അവരുടെ മാതാക്കളിൽ നിന്നും മറ്റു ബന്ധുക്കളിൽ നിന്നും അകലം പ്രാപിക്കുക എന്നതായിരിക്കും പ്രസ്തുത ഉപദേശം!

വിവാഹ സംബന്ധമായിട്ടുള്ള വിഷയം വിശുദ്ധ ഖുർആനിൽ പരാമർശിച്ചിട്ടുണ്ടെന്നിരിക്കിലും, അതായത് വിവാഹിതരായ ദമ്പതികളുടെയും അവരുടെ മാതാപിതാക്കൾക്കിടയിലും റഹ്മ കാരുണ്യം വളർത്തിയെടുക്കേണ്ടതാണ് എന്ന് വിശുദ്ധഖുർആൻ ഉപദേശിക്കുന്നു. ഭർതൃമാതാവിനെയും പിതാവിനേയും സ്നേഹിക്കുക, അതുപോലെ ഭാര്യാപിതാവിനെയും മാതാവിനെയും സ്നേഹിക്കുക. ഇവ രണ്ടു നിലയിലും പ്രാവർത്തികമാക്കേണ്ടതാണ്.

ആയതിനാൽ, ഈ ആദർശവാക്യത്തിനനുസിച്ച്, സമുദായത്തെ പരിഷ്ക്കരിക്കുവാൻ കഠിനമായി യത്നിക്കേണ്ടതാണ്. ഇതിലും ഗീയ്ബത്ത് അത് വളരെ മോശമായ സ്വാധീനം ഇതിൽ ചെലുത്തുന്നതാണ്.

അത് അമ്മായിഅമ്മ ആകാം, അല്ലെങ്കിൽ നാത്തൂൻമാരാകാം, മരുമകളെകുറിച്ച് അവർ ഗീയ്ബത്ത് ചിലപ്പോൾ പറഞ്ഞേക്കാം, അല്ലെങ്കിൽ നാത്തുനാകാം അമ്മായി അമ്മമാരെകുറിച്ചും ഭർതൃസഹോദരിമാരെകുറിച്ചും പറഞ്ഞുനടക്കുന്നത്. അത് അവരുടെ ഭർത്താക്കന്മാരുടെ മുന്നിൽവെച്ചുമാകാം. ഓരോ സമയവും ഭാര്യയ്ക്ക് ഭർത്താവിനോടു ഈ പരാതി ആവർത്തിച്ചുകൊണ്ടിരിക്കുവാൻ സാധിക്കും. ഞാൻ ഇവരുടെ ഇരയായി തീർന്നിരിക്കുന്നു. അവരെന്നെ ഉപദ്രവിച്ചു എന്നെ അവർ അപമാനിച്ചു. അവരെന്നോട് വളരെ മോശം നിലയിലാണ് പെരുമാറിയത്. അവർ പറയുന്നത് അത്തരം ഒരു രീതിയിലായിരിക്കും, ഭർത്താവ് അതിൽ വീഴും, തന്റെ കുടുംബത്തോടു തന്നെ ഭർത്താവ് കോപിഷ്ഠാനായി മാറത്തക്കനിലയിലുള്ള കരിച്ചിലും പിഴിച്ചിലും ഉണ്ടാക്കും. അവൾ ഇത് ചെയ്യുന്നത് അദ്ദേഹത്തിന്റെ കുടുംബത്തോട് അയാൾക്ക് ശത്രുത, വെറുപ്പ് ഉണ്ടാക്കണം.

അവരോട് വളരെ സാഹസികമായ നിലയിൽ പെരുമാറുവാൻ ഭർത്താവിനെ അവർ പ്രേരിപ്പിച്ചുകൊണ്ടിരിക്കും.

നോക്കു! ഈ പ്രവർത്തനങ്ങളൊന്നും തന്നെ നല്ലതല്ല. മറിച്ച് സമൂഹം വളരെ ദുഷിച്ച അവസ്ഥയിലേക്ക് പതിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരം മോശ പ്രവർത്തനങ്ങളി ലൂടെ! അതുകൊണ്ടാണ് പരദൂഷണം എന്ന വിഷയം തെര ഞ്ഞെടുത്തതും, അത് വിശദീകരിച്ചുകൊണ്ടിരിക്കുന്നതും. അതിൽ നിന്ന്, മാനവകുലത്തെ എങ്ങനെ രക്ഷപ്പെടുത്താം എന്ന് ചിന്തിക്കുന്നതും, അല്ലാഹുവിനോടും അവന്റെ ദൂതൻ മുഹമ്മദ്(സ) നോടുമുള്ള സ്നേഹവായ്പിന്റെ വഴിയിൽ നിങ്ങൾ ഈ കാര്യത്തെ നോക്കിക്കാണുകയാണെങ്കിൽ, ഇത് നിങ്ങൾക്ക് വളരെ എളുപ്പത്തിൽ പരിഹരിക്കാവുന്ന കാര്യമാ ണ്. ചിലപ്പോൾ രണ്ടു വഴികളിലൂടെ ഈ കാര്യത്തെ നിങ്ങൾ നോക്കികാണുകയാണെങ്കിൽ, മതപരമായ വീക്ഷണത്തിൽ, ഇത് മോശമല്ല എന്ന് മനസ്സിലാകുന്നതാണ്. (അതായത് ഈ പ്രശ്നം തിന്മയുടെ ഉമ്മറപടി ഭേദിച്ചുപോയിട്ടില്ലാ എന്ന്) ഇത് പലമുറികളുള്ള ഒരു എടുപ്പ് പോലെയാണ്. ഈ രോഗം ഒരു ഭാഗത്തെ മാത്രമെ ആക്രമിച്ചിട്ടുള്ളു. മറ്റു ഭാഗങ്ങൾ ആരോ ഗ്യത്തോടെ നിലനില്ക്കുന്നു. അവയിൽ (പ്രസ്തുത ആളുക ളിൽ) ചില നന്മകൾ കുടികൊള്ളുന്നു. അവർ എന്നോട് ദുആ ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ട് എനിക്കെഴുതുന്നു. അതി ലൂടെ അവർക്ക് അല്ലാഹുവിന്റെ സ്നേഹം നേടാം എന്ന് കരു തുന്നു. ചിലപ്പോൾ ചില സ്ത്രീകൾ ദുആയ്ക്ക് വേണ്ടി എന്നോട് അഭ്യർത്ഥിക്കാറുണ്ട്. അവരുടെ ഭർത്താക്കന്മാരെ കുറിച്ച് എനിക്കെഴുതുന്നു. അവർ നല്ലവരാണ് എന്നാൽ ചില ന്യൂനതകളുണ്ട്, അതവർക്കില്ലെങ്കിൽ അവർ വളരെ നല്ലവ രാണ്, അവർ വളരെ സത്യസന്ധന്മാരാണ്, നമസ്ക്കാരം നില നിർത്തുന്നവരാണ്; ദീനുമായി ചേർന്നു പോകുന്നവരാണ്. അല്ലാഹു(ത) യിൽ നിന്ന് ലഭ്യമായ സത്യസന്ദേശവുമായി അവർ ഒത്തുപോകുന്നവരാണ്. അത്തരം ആളുകളോട്, താങ്കൾ അവ രുമായി സംസാരിച്ചാൽ, അവർ ശ്രദ്ധിക്കും (അനുസരിക്കും)

അതിലൂടെ അല്ലാഹു(ത)യുടെ സ്നേഹം അവരിൽ വന്നു ചേരാം.

ഇത്തരം കേസ്സുകളിൽ രോഗം അവരുടെ മുഴുശരീരത്തേയും ആക്രമിച്ചിട്ടില്ല. രോഗം ശരീരത്തിന്റെ ഒരു ഭാഗത്തു മാത്രമെ ബാധിച്ചിട്ടുള്ളു. ഇത്തരം ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ കാൻസർ (ആത്മീയ മഹാവിപത്ത്) വ്യാപിച്ചിട്ടില്ല. ശരീരത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമാണ് പിടികൂടിയിട്ടുള്ളത്. ആയതിനാൽ രോഗശാന്തിക്കുള്ള വലിയ സാധ്യതയാണ് അത്തരം രോഗികളിൽ കാണപ്പെടുന്നത്. ആയതിനാൽ ശരീരത്തിന്റെ മറുഭാഗത്ത് അല്ലാഹു(ത)യോടും അവന്റെ പ്രവാചക പ്രഭുമുഹമ്മദ് മുസ്തഫ (സ)യോടുമുള്ള സ്നേഹം അല്പം നിലനില്ക്കുന്നുവെങ്കിൽ, ഈ സ്നേഹം കൊണ്ട് മറ്റിടങ്ങളിൽ ബാധിച്ച ആത്മീയ രോഗത്തിനെ ചികിത്സിച്ച് ഭേദമാക്കാവുന്നതാണ്. എന്തുചെയ്യുന്നതിന് മുൻപായും നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക. എന്നിട്ട് കൂടുതലായി ചിന്തിക്കുക. ഞാൻ ചെയ്യാൻ പോകുന്ന കാര്യത്തിൽ അവൻ സന്തുഷ്ടനാണോ? അതുമാത്രമല്ല, അല്ലാഹു(ത)യുടെ ദൂതനും അക്കാര്യത്തിൽ സന്തുഷ്ടനാണോ?

ആയതിനാൽ എന്തെങ്കിലും ചെയ്യുന്നതിന് മുൻപ് നല്ലവണ്ണം ചിന്തിക്കുക. ഇതുമൂലം നിങ്ങളുടെ ആത്മീയ ജീവിതവും അതോടൊപ്പം നിങ്ങളുടെ ഭൗതിക ജീവിതവും, എങ്ങനെ ആയിരിക്കും? അതിന്റെ അനന്തരഫലങ്ങളെകുറിച്ചും ചിന്തിക്കുക, അല്ലാഹുവിനോടും അവന്റെ പ്രവാചകനോടുമുള്ള സ്നേഹത്താൽ നിങ്ങൾ ചെയ്ത ദുആകൾക്ക് എന്തുസംഭവിക്കുമെന്നും ചിന്തിക്കുക. അല്ലാഹുവും അവന്റെ പ്രവാചകനും അനിഷ്ടകരമായി നിങ്ങൾ ചെയ്ത പ്രവർത്തികളുടെയും എന്നിട്ട് ചെയ്ത ദുആകളുടെ അനന്തരഫലത്തെക്കുറിച്ചും ആഴത്തിൽ ചിന്തിക്കുക! വിശിഷ്യാ അല്ലാഹു(ത)യും അവന്റെ പ്രവാചകനും ഏറ്റവും വെറുക്കപ്പെട്ട പ്രവർത്തികൾ ചെയ്തിട്ട് നിങ്ങൾ ചെയ്ത ദുആയെകുറിച്ചും ചിന്തിക്കുക.

നിങ്ങളുടെ സ്വഭാവം തന്നെ നല്ലതല്ലെങ്കിൽ, അല്ലാഹു

വിനെ അനിഷ്ടത്തിലാക്കുന്ന പാതയിലൂടെ തന്നെ നിങ്ങൾ സഞ്ചാരം തുടരുകയും ചെയ്യുകയാണെങ്കിൽ, അതു കൊണ്ട്ടർത്ഥമാക്കേണ്ടത് നിങ്ങൾ അല്ലാഹു(ത)യുമായുള്ള സ്നേഹബന്ധം മുറിച്ചിരിക്കുന്നു എന്നു തന്നെയാണ്. ഹസ്രത് മുഹമ്മദ് മുസത്ഫ(സ) ഇതു സംബന്ധമായി ഇപ്രകാരം എടുത്തു പറഞ്ഞിരിക്കുന്നു. അദ്ദേഹം (സ) പറയുകയുണ്ടായി നിങ്ങൾ ജനങ്ങളുമായുള്ള ബന്ധം മുറിച്ചുകളയുകയാണെങ്കിൽ, നിങ്ങൾ അല്ലാഹു(ത)യുമായുള്ള ബന്ധവും മുറിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു മരുമകൾ തന്റെ ഭർത്താവിന്റെ കുടുംബവുമായുള്ള എല്ലാ ബന്ധവും വിഛേദിക്കുവാൻ തന്റെ ഭർത്താവിനെ അവളുടെ എല്ലാം കഴിവും ഉപയോഗിച്ച് ശ്രമിക്കുകയാണെങ്കിൽ, അഥവാ ഭർത്താവിന്റെ കുടുംബം (മകന്റെയും മരുമകളുടെയും) അവരുടെ ജീവിതം താറുമാറാക്കാനുള്ള ശ്രമത്തിലേർപ്പെടുകയാണെങ്കിൽ, അപ്പോൾ മുതൽ അവരുടെ അവശേഷിക്കുന്ന നന്മകളൊന്നും തന്നെ, മറ്റൊന്നിനും പ്രയോജനപ്പെടുകയില്ല. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞതുപോലെ അല്ലാഹു(ത) അത്തരം ആളുകളുമായുള്ള ഉടമ്പടി മുറിച്ചു കളയുന്നതാണ്. അത്തരം കുടുംബങ്ങളിൽ കുട്ടികൾ വളർന്നു വലുതാകുമ്പോൾ, അവർ ദുസ്വഭാവികളായി വളരുന്നു, മോശം ധാർമ്മികതയുള്ളവരായി വളർന്നു വലുതാകുന്നു. അത്തരം കുടുംബങ്ങളിലെ ആൺകുട്ടികളും, പെൺകുട്ടികളും വിവാഹിതരാകുമ്പോൾ, അവരുടെ ദുഷിച്ചു നാറിയ പെരുമാറ്റങ്ങളും ജീർണ്ണാവസ്ഥയിലായ ധാർമ്മികതയും പുതിയ കുടുംബങ്ങളിലേക്ക് പടർന്നു പിടിക്കുന്നു. ഇത് പകർച്ച വ്യാധിയായ മഹാരോഗം പോലെ മറ്റുള്ളവരിലേക്കും വ്യാപിക്കുന്നു.

സമുദായത്തിലെ ഈ സാഹചര്യത്തെ നന്നാക്കി എടുക്കുവാൻ കഴിയണമെങ്കിൽ, ചുറ്റുപാടുകൾ വൃത്തിയുള്ളതാക്കണമെങ്കിൽ, ഈ കാര്യങ്ങളെകുറിച്ച് നിങ്ങൾ തികച്ചും ബോധവാന്മാരായിരിക്കണം. ഇതിന്റെ അടിവേര് തന്നെ നിങ്ങൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തെ നല്ല നിലയിൽ വില

യിരുത്തുവാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ, ഈ ആത്മീയ രോഗം ബാധിച്ച ആളുകളെ നിങ്ങൾക്ക് എങ്ങനെയാണ് ചികിത്സിക്കുവാൻ കഴിയുക? വെറും പ്രഭാഷണം കൊണ്ടും, പരദൂഷണം നിർത്തുക, എന്ന് പറയുന്നതുകൊണ്ടും സാധിക്കാവുന്ന ഒരു കാര്യമല്ല ഇത്. നിങ്ങൾ ഈ കാര്യം വളരെ വിശദമായി അതായത് വിവരിച്ചു കൊടുക്കേണ്ടതായിട്ടുണ്ട്. അത്തരം അതിശക്തമായ ഒരു വഴിയിലൂടെ പരദൂഷണം പറയുക എന്ന പകർച്ചവ്യാധിയായ രോഗത്തെ, ഹൃദയം തടഞ്ഞു നിർത്തുന്നു. പരദൂഷണ മണ്ഡലത്തിൽ പ്രവേശിക്കുന്നതിൽ നിന്നും നിങ്ങളെ അത് തടയുന്നു. അത്തരം രോഗങ്ങളുടെ മേൽ ഹൃദയത്തിന് മേൽക്കൈ ഉണ്ടായിരിക്കണം. അത്തരം ഹൃദയങ്ങളിൽ അവ തുളച്ചുകയറുവാൻ പോലും ആഗ്രഹിക്കുകയില്ല. (അതായത് സ്വാതികമായ ഹൃദയം, സംശുദ്ധമായ ഹൃദയം, പരിപാപനമായ ഹൃദയം) ചിലപ്പോൾ ഇത്തരം രോഗങ്ങൾ ഹൃദയത്തിൽ സ്വാധീനശക്തി സ്ഥാപിച്ചാൽ, അതിന്റെ ആഴങ്ങളിലേക്കിറങ്ങിയാൽ, അവയെ കടന്നാക്രമിക്കുകയും, രക്തത്തിലൂടെ പോലും അതു ഒഴുകുവാനും തുടങ്ങും. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. സാത്താൻ ജനങ്ങളിലൂട ഓടുന്നതാണ് രക്തം പോലെ! അദ്ദേഹത്തിൽ (അതായത് പ്രവാചകനും)സാത്താൻ ഉണ്ടോ? എന്ന് ചോദിക്കപ്പെട്ടു. അദ്ദേഹം പ്രതിവചിച്ചു അതെ! എന്നാൽ അല്ലാഹുവിന്റെ സഹായത്താൽ അവൻ എന്നിൽ ഒരു മുസ്ലിമായി മാറി. അവൻ എനിക്കു കീഴടങ്ങി അവൻ എന്റെ അനുസരണത്തിൻ കീഴിലായി.

അതുകൊണ്ട്, തിന്മയെ നന്മയാക്കി മാറ്റുവാനുള്ള കഴിവു നിങ്ങളിൽ നിങ്ങൾ ഉണ്ടാക്കി എടുക്കേണ്ടതാണ്. ഒരു തിന്മ ചെയ്യുവാനുള്ള പ്രേരകശക്തിയെ നിങ്ങൾക്ക് നിങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽകൊണ്ടു വരുവാൻ കഴിയുന്നതാണ്. അങ്ങനെ നിങ്ങൾക്ക് തിന്മയെ തടഞ്ഞുനിർത്തുവാൻ കഴിയുന്നതാണ്. അങ്ങനെ പ്രസ്തുത തിന്മ അന്ധനും ബധിരനും ഊമനുമായി മാറുന്നതാണ്. അതിന്റെ കാരണം നിങ്ങൾക്ക് അവയുടെ മേൽ സമ്പൂർണ്ണമായ സ്വാധീന ശക്തി ഉണ്ടാക്കി എടു

ക്കുവാൻ കഴിഞ്ഞു എന്നതാണ്. ആയതിനാൽ ഗീയ്ബത്ത് എന്ന ഈ വിഷയം നിങ്ങൾ ഈ നിലയിൽ മനസ്സിലാക്കേണ്ടതാണ്. അതായത് നിങ്ങൾക്ക് ഇതിന്റെ മേൽ സമ്പൂർണ്ണമായ സ്വാധീന ശക്തി ഉണ്ടായിരിക്കേണ്ടതാണ്. ജീവനോടെ കുഴിച്ചുമൂടേണ്ട ഒരു കാര്യമാണിത്. അതിന് തടയിടുക, ഇത് അത്തരത്തിൽപെട്ട ഒരു സാധനമാണ്. അങ്ങനെ ആയാൽ നിങ്ങളെ ഇനിമേൽ അത് ഉപദ്രവിക്കുകയില്ല. നിങ്ങളുടെ നിത്യജീവിതത്തിൽ, എപ്പോഴൊക്കെ നിങ്ങൾ അത്തരം പ്രവർത്തികൾ ചെയ്യുന്നുവോ, നിങ്ങൾ അവയെപറ്റി ഗാഢമായി ചിന്തിക്കേണ്ടതാണ്. എന്നിട്ട് സ്വയം ചോദിക്കേണ്ടതാണ്. ഇതൊക്കെ നിങ്ങൾ എന്തിനാണ് ചെയ്യുന്നത്? ഇതിൽ നിന്നും നിങ്ങൾക്ക് വല്ല സന്തോഷവും ലഭിക്കുന്നുണ്ടോ? അതെ ! എന്നാണ് ഉത്തരമെങ്കിൽ, അത് എന്തുകൊണ്ടാണ് അങ്ങനെ!? ഇത് നിങ്ങൾ ചെയ്യുന്നതിലൂടെ നിങ്ങൾക്ക് സന്തോഷം ലഭിക്കുന്നുവെങ്കിൽ, അപ്പോൾ ഇതിന്റെ അർത്ഥം നിങ്ങൾ നിങ്ങളുടെ മരണപ്പെട്ട സഹോദരന്റെ മാംസം ഭക്ഷിക്കുന്നത് നിർത്തിയിട്ടില്ല എന്നുതന്നെയാണ്.

ഈ തിന്മയ്ക്കെതിരിലുള്ള പോരാട്ടം! നാം ശക്തമാക്കേണ്ടതാണ് എന്നത് തന്നെയാണ് എന്റെ പക്ഷം. ഗീയ്ബത്തിനു മേൽ നമുക്ക് മേൽക്കൈ ലഭിച്ചാൽ, അത് തീർച്ചയായും ഒരത്ഭുതകർമ്മം തന്നെ ആയിരിക്കും. ചില ജമാഅത്തുകളിൽ പുരുഷന്മാർ മറ്റുള്ളവരുടെ ഗീയ്ബത്തിൽ ഏർപ്പെട്ടിരിക്കുന്നു. സ്ത്രീകളും ഈ കാര്യത്തിൽ ഒട്ടും പുറകിലല്ല. ഒരേവിധത്തിൽപ്പെട്ട ഒരു സംഘം ആളുകൾ, അവരുടെ മരണപ്പെട്ട സഹോദരങ്ങളുടെ മാംസം ഭക്ഷിച്ചുകൊണ്ടേയിരിക്കുന്നു. ഇത്തരത്തിൽപ്പെട്ട ആളുകൾ നല്ല മാംസം ഭക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ, മറ്റൊരുവാക്കിൽ പറഞ്ഞാൽ നല്ല പ്രവർത്തനങ്ങൾ ചെയ്യുവാൻ തയ്യാറാകുന്നില്ലെങ്കിൽ മറിച്ച് മരണപ്പെട്ടവരുടെ മാംസം തന്നെ രുചിക്കുവാൻ തയ്യാറാവുകയാണെങ്കിൽ, അതുകൊണ്ട് അർത്ഥമാക്കേണ്ടത് നല്ല മാംസത്തിന്റെ രുചി അവർക്ക് ആസ്വാദ്യകരമാകുന്നില്ല എന്നു തന്നെയാണ്. നല്ല പ്രവർത്തനങ്ങൾ അവർ ഇഷ്ടപ്പെടുന്നില്ല എന്നുതന്നെ!

അങ്ങനെ, മരണപ്പെട്ടവരുടെ മാംസം ഭക്ഷിക്കുന്നതിൽ തത്പരമായിട്ടുള്ളവർ, അവരതിൽ സന്തോഷം കണ്ടെത്തുവോളം, അവരിൽ നിന്നും അത്തരം തിന്മകൾ മാറ്റം ചെയ്യുവാൻ സാധിക്കുകയില്ല. കാരണം അവർ സ്വയം വൃത്തികെട്ട സാധനങ്ങൾ തിന്നുന്നതിൽ ആസ്വാദ്യത കണ്ടെത്തിയവരാകുന്നു. (പരദൂഷണം അവർക്ക് ആസ്വാദ്യഭക്ഷണമായിപോയി) ഇത്തരം ആളുകൾ പശ്ചാത്തപിക്കേണ്ടതാണ്. പാപമോചനത്തിനായി അല്ലാഹുവിനോട് അർത്ഥിക്കേണ്ടതാണ്, ഈ തിന്മയിൽ നിന്നും അകലം പ്രാപിക്കുന്നതാണെന്ന്! ഒരിക്കൽ മാത്രമല്ല എന്നന്നേക്കുമായി!

ചിലപ്പോൾ, ഒരു യോഗത്തിന്റെ അവകാശങ്ങളെ നിങ്ങൾ മാനിക്കാതിരിക്കുമ്പോൾ, അതും ഒരു ശിക്ഷകിട്ടേണ്ട കുറ്റം പോലെ അപലപിക്കേണ്ടതു തന്നെയാണ്. എപ്പോഴെങ്കിലും ഇപ്രകാരം സംഭവിച്ചാൽ, നാം ജനങ്ങൾ മറ്റൊരു യോഗം കൂടേണ്ടതു തന്നെയാണ്. (അത് ഭൗതികപരമായ യോഗമായാലും ശരി, ആത്മീയപരമായ യോഗമായാലും ശരി) എല്ലാവർക്കും അറിയുന്ന ഒരാളെ നമുക്ക് പരാമർശിക്കേണ്ടി വരുമ്പോൾ, ചിലപ്പോൾ സംഭവിക്കേണ്ടി വരും, എന്നാൽ അയാളുടെ ദൗർബല്യം പരസ്യമാക്കാതെ, പരദൂഷണോദ്ദേശ്യത്തോടെയല്ലാതെ, അങ്ങനെ ഉദ്ദേശം മോശമായതല്ലെങ്കിൽ, അത് മാപ്പാക്കാവുന്ന കാര്യം തന്നെയാണ്. എന്നാൽ തീർത്തും ചില നിശ്ചിത ഉദ്ദേശത്തോടെ അയാളെ പറ്റി പരാമർശിക്കുകയാണെങ്കിൽ, അയാളെ ബുദ്ധിമുട്ടിക്കുവാനുള്ള ഉദ്ദേശ്യത്തോടെ, അത്തരം പരാമർശങ്ങൾ തീർത്തും ഗൗരവാഹം ത്തന്നെയാണ്. പ്രസ്തുത യോഗത്തിൽ നിന്ന് പുറത്തു പോവുകയാണെങ്കിൽ, എന്നിട്ട് പ്രസ്തുത വ്യക്തിയെകുറിച്ച് എതിർ അഭിപ്രായങ്ങൾ പരത്തുകയാണെങ്കിൽ ആ സമയത്തു തന്നെ പരിശുദ്ധമായ ഒരു അമാനത്തിനെ നിങ്ങൾ ലംഘിച്ചിരിക്കുകയാണ്. ജനങ്ങൾ രൂപം കൊടുത്ത ഒരു യോഗത്തിലെ അമാനത്തിനെ, അതിലെ ഓരോ അംഗത്തിനും അവിടെ നടന്ന സംസാരങ്ങളെ ഒരമാനത്തായി സൂക്ഷിക്കുവാനുള്ള ബാധ്യതയുണ്ട്.

അവിടെ നടന്ന എല്ലാ ചർച്ചകളും രഹസ്യസ്വഭാവമുള്ളവയാണ്. ഇതും ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ അധ്യാപനങ്ങളുടെ ഒരു ഭാഗം തന്നെയാണ്. അദ്ദേഹം റസൂൽകരീം(സ)പറയുകയുണ്ടായി. ഒരു യോഗത്തിൽ പറയപ്പെട്ടതൊക്കെ ഒരമാനത്താകുന്നു. അവിടെ നടന്ന കാര്യങ്ങൾ പുറത്തുപറയുന്നത്, ഒരു പാപമാകുന്നു. അനുവാദമില്ലാതെ!

ഈ കാര്യത്തെപറ്റി നിങ്ങൾ വളരെ ജാഗ്രതയുള്ളവരായിരിക്കണം. എന്നാൽ ഞാൻ ഇതുകൂടി പറയുവാൻ ബാധ്യസ്ഥനാണ്. ചില കാര്യങ്ങൾ രഹസ്യസ്വഭാമുള്ളതായിരിക്കുന്നതുപോലെ മറ്റു ചില കാര്യങ്ങൾ പൊതുജനങ്ങൾ അറിയേണ്ടതായിട്ടുണ്ട്. ജനങ്ങളുടെ വിശ്വാസപരമായ നവീകരണ കാര്യങ്ങൾ, അവരുടെ നവീകരണത്തിന് ആവശ്യമായിരിക്കെ, ഇത് മറ്റുള്ള ആളുകളുമായി പങ്കുവെയ്ക്കേണ്ടതായിട്ടുണ്ട്, കാരണം അവർ പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നില്ല. ഇതൊരു നല്ല കാര്യം ആയിരിക്കുന്നിടത്തോളം കാലം, ഇത് മറ്റുള്ളവരുമായി പങ്കുവെയ്ക്കേണ്ടതുതന്നെയാണ്. അവരുടെ വിശ്വാസസംഹിതയ്ക്ക് ഊർജ്ജം പകരുവാനായി! എന്നാൽ ഒരു യോഗത്തിൽ, ആരെ എങ്കിലും ഒരാളെപറ്റി പരാമർശമുണ്ടായാൽ (വിശിഷ്യ, മോശമായ നിലയിൽ) നിങ്ങൾ അവിടെ നിന്നുപോയി പ്രസ്തുത രഹസ്യസ്വഭാവമുള്ള യോഗ കാര്യങ്ങൾ, പുറത്തുപറയുക എന്നത് മറ്റാളുകളിൽ പ്രസ്തുത വ്യക്തിയെ കുറിച്ച് ശത്രുത ഉണ്ടാകുന്നതിന് കാരണമായി മാറുന്നു. അതു തികച്ചും അപലപനീയമായ കാര്യമാണ്, നിഷിദ്ധമായ കാര്യമാണ്. പ്രസ്തുത കാര്യം ബന്ധപ്പെട്ട വ്യക്തിയോടു പോലും പറയുവാൻ പാടില്ല! (അതായത് ഏതൊരു വ്യക്തിയെകുറിച്ച് പ്രസ്തുത യോഗം ചർച്ച നടത്തിയോ ആ കാര്യം പ്രസ്തുത വ്യക്തിയോടു പോലും പറയുവാൻ പാടില്ല.) നിങ്ങൾ ഇത് മറ്റുള്ളവരോട്, അഥാ പ്രസ്തുത വ്യക്തിയോട് എന്തെങ്കിലും പറയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ അതിന് യോഗാദ്ധ്യക്ഷന്റെ അനുവാദം വാങ്ങേണ്ടതാകുന്നു.

ഈ തത്വം നമുക്ക് സ്വയം സ്ഥാപിച്ച്, നടപ്പിലാക്കുവാൻ

കഴിയുകയാണെങ്കിൽ, അപ്പോൾ നമുക്ക് പരദൂഷണം ഇല്ലായ്മ ചെയ്യുവാൻ സാധിക്കുന്നതാണ്. നിർണ്ണായകമായ ഒരു സംഗതിയിതാ! ഈ വിഷയം സംബന്ധമായി വളരെ പ്രധാനപ്പെട്ട പ്രവാചകവചനങ്ങൾ ഞാൻ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നതാണ്. അൽഹുജ്റാത്തിലെ എന്റെ പ്രസംഗങ്ങൾ താത്ക്കാലികമായി നിർത്തി വെയ്ക്കേണ്ടതായി വന്നിരിക്കുന്നു. (വിശുദ്ധ ഖുർആൻ 49-ാം അധ്യായം) ഗീയ്ബത്തു സംബന്ധമായി! എന്നാൽ ഇൻശാ അല്ലാഹ് രണ്ടോ നാലോ ആഴ്ചകൾക്ക് ശേഷം ഞാൻ വീണ്ടും ഇതേ വിഷയവുമായി വരുന്നതാണ്. പ്രസ്തുത ഹദീസുകൾ അപ്പോൾ ഞാൻ നിങ്ങൾക്കു മുൻപാകെ സമർപ്പിക്കുന്നതാണ് ഇൻശാ അല്ലാഹ്!

മുസ്ലിംകളും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളും മാനവസമുദായം മൊത്തത്തിലും, ഈ കാര്യങ്ങൾ നല്ല നിലയിൽ മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞങ്ങൾ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾ ഞങ്ങളുടെ സ്വഭാവങ്ങൾ സംരക്ഷിക്കുന്നതിനായി സംസ്ക്കരിക്കുന്നതിനായി പരിശ്രമിക്കുന്നതാണ്, കാരണം മാനവകുലത്തെ ശരിയിലേക്ക് കൊണ്ടു വരുന്നതിനായി സാക്ഷികളാകുവാനാണ് ഞങ്ങളുടെ നിയോഗം. (അതുകൊണ്ട് തന്നെ ഞങ്ങൾ ആദ്യം നന്നാവേണ്ടതായിട്ടുണ്ട്) ഈ അത്ഭുതകരമായ നിലയിലുള്ള ജോലി ഏറ്റെടുത്ത് പൂർത്തിയാക്കുവാൻ അല്ലാഹു(ത) ഞങ്ങളെ പ്രാപ്തമാക്കട്ടെ! അല്ലാഹു(ത) ഇച്ഛിക്കും പ്രകാരം ഞങ്ങളെ അവൻ ഉദ്ദേശിക്കുന്ന നിലവാരത്തിലേക്ക് ഉയർത്തട്ടെ! ആമീൻ



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*